# പതിമൂന്നാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4988 — 1.7.2013 ൽ മറുപടി പറയേണ്ടിയിരുന്നത്

## അഴിമതിക്കാരായ പോലീസ് ഉദ്യോഗസ്ഥർ

| ചോദ്യം<br>ശ്രീമതി. ഗീതാ ഗോപി | മറുപടി<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വ. കുപ്പു മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്തെ പോലീസ് വകുപ്പിൽ അഴിമതിക്കാരും ക്രിമിനലുകളുമായ പോലീസ് ഉദ്യോഗസ്ഥരുടെ എണ്ണം വർദ്ധിച്ചുവരുന്നതായ പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഇല്ല. |
| (ബി) എങ്കിൽ എ.എസ്.പി മുതൽ ഉയർന്ന റാങ്കിലുള്ള എത്ര ഉദ്യോഗസ്ഥരുടെ പേരിൽ അഴിമതിയും ക്രിമിനൽ കുറ്റവും സ്വഭാവദൂഷ്യവും കണ്ടെത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി)യും, (സി)യും എ.എസ്.പി. മുതൽ ഉയർന്ന റാങ്കിലുള്ളവർക്കെതിരെയുള്ള അഴിമതി, ക്രിമിനൽ കുറ്റം, സ്വഭാവദൂഷ്യം, എന്നീ ആരോപണങ്ങൾ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അവർക്കെതിരെ നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ഇപ്പോൾ സർവ്വീസിലുള്ള ഐ.പി.എസ്. ഉദ്യോഗസ്ഥരിൽ ശ്രീ. ടോമിൻ ജെ.തച്ചങ്കരി, ശ്രീ. എസ്. ശ്രീജിത്ത്, ശ്രീ.ഇ.ജെ. ജയരാജ്, ശ്രീ. ജി. ലക്ഷ്മൺ എന്നിവർ അഖിലേന്ത്യ സർവ്വീസ് പെരുമാറ്റച്ചട്ടലംഘനം നടത്തിയതായി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞവരിൽ ശ്രീ. ഇ.ജെ. ജയരാജ്, ഐ.പി.എസ്, ശ്രീ. ജി. ലക്ഷ്മൺ ഐ.പി.എസ്. എന്നിവർക്കെതിരെ സ്വീകരിച്ച അച്ചടക്കനടപടികൾ ടി ഓഫീസർമാർക്ക് താക്കീത് നൽകി തീർപ്പാക്കിയിട്ടുണ്ട്. ശ്രീ. ടോമിൻ ജെ. തച്ചങ്കരി,ഐ.പി.എസ്, ശ്രീ. എസ്. ശ്രീജിത്ത് ഐ.പി.എസ്. എന്നിവർക്കെതിരെ അഖിലേന്ത്യ സർവ്വീസ് ചട്ടപ്രകാരമുള്ള അന്വേഷണം നടന്നുവരികയാണ്.<br>കൂടാതെ എസ്.പി. റാങ്കിലുള്ള എ.കെ.ജമാലുദ്ദീൻ, ഭുവനേന്ദ്രൻ എന്നിവരെയും സസ്പെന്റ് ചെയ്തിട്ടുണ്ട്. |
| (സി) ഏതെങ്കിലും കേസിൽ ശിക്ഷണ നടപടികൾക്ക് വിധേയരായിട്ടുള്ളവരുടേയോ അന്വേഷണം നേരിടുന്നവരുടേയോ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | |

സെക്ഷൻ ഓഫീസർ